"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ, നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ സർവ്വെ നമ്പർ 359/11, 359/12-കളിൽ ഉൾപ്പെട്ട 41.93 ആർ ഭൂമി പാറശ്ശാല ആട് വളർത്തൽ കേന്ദ്രത്തിന് തീറ്റപ്പുൽ കൃഷിയ്ക്കായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കൃഷി (മൃഗസംരക്ഷണ) വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.235/2024/RD　　　　　　　　തീയതി,തിരുവനന്തപുരം, 21-11-2024

---

പരാമർശം:-
1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26/01/2021ലെ നം.AHD/3770/20/H3 കത്ത്.
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 11/02/2024-ലെ LR/13129/2023-LR(K2), 29/10/2024-ലെ LR/12341/2022-LR(B6) നമ്പർ കത്തുകൾ.

**ഉത്തരവ്**

പാറശ്ശാല ആട് വളർത്തൽ കേന്ദ്രത്തിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 49 ൽ റീസർവ്വേ നമ്പർ 359/11, 359/12-കളിൽ ഉൾപ്പെട്ട 1.25 ഏക്കർ ഭൂമി തീറ്റപ്പുൽ കൃഷിയ്ക്കായി വിട്ടുനൽകുന്നതിനായി പരാമർശം 1 പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 49-ൽ റീസർവ്വെ 359/12 (റ്റി.പി. 5868), 359/11 (റ്റി.പി. 5869)കളിൽ ഉൾപ്പെട്ട യഥാക്രമം 22.69 ആർ ഭൂമിയും, 19.24 ആർ ഭൂമിയും ഉൾപ്പെടെ ആകെ 41.93 ആർ ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്തിട്ടുള്ള ഭൂമിയാണെന്നും, പ്രസ്തുത ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആക്കിയതിനു ശേഷം കുടിശ്ശിക തുക ഒടുക്കു വരുത്തിയിട്ടില്ലാത്തതും, വസ്തു തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ സർവ്വെ നമ്പർ 359/11, 359/12-കളിൽ ഉൾപ്പെട്ട 41.93 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി പാറശ്ശാല ആട് വളർത്തൽ കേന്ദ്രത്തിന് തീറ്റപ്പുൽ കൃഷിയ്ക്കായി ഭൂമി കൈമാറ്റ നിയമങ്ങൾക്ക് വിധേയമായി മൃഗസംരക്ഷണ വകുപ്പിന് കൈമാറി നൽകാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2 പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ, നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ സർവ്വെ നമ്പർ 359/11, 359/12-കളിൽ ഉൾപ്പെട്ട 41.93 ആർ ഭൂമി പാറശ്ശാല ആട് വളർത്തൽ കേന്ദ്രത്തിന് തീറ്റപ്പുൽ കൃഷിയ്ക്കായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കൃഷി (മൃഗസംരക്ഷണ) വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവു ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;
iii. ഭൂമി പാട്ടത്തിന് /ഉപപാട്ടത്തിന് /തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;
iv. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടതാണ് ;
v. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യു അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;
vi. പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;
vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യു വകുപ്പിൽ പുനഃനിക്ഷിപ്തമാകുന്നതാണ്.

4. തിരുവനന്തപുരം ജില്ലാ കളക്ടർ ഈ വിഷയത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം.
കൃഷി (മൃഗസംരക്ഷണ ജി) വകുപ്പ്.
പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sindhu L V
Date: 22-11-2024 11:23:27

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ,യ്ക്ക്